"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - മെഡിക്കൽ റീഇംബേഴ്സ്മെന്റ് - തിരുവനന്തപുരം മരുതൂർക്കോണം പി.ടി.എം.വി.എച്ച്.എസ്. സ്കൂൾ മുൻ നോൺ വൊക്കേഷണൽ ടീച്ചർ ശ്രീ. ശക്തിധരൻ നായർ ബി.കെ.-യുടെ തുടർ ചികിത്സാച്ചെലവ് അനുവദിച്ചും, പലിശരഹിത ചികിത്സാ വായ്പ (IFMA) ക്രമീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (എ) വകുപ്പ്

സ.ഉ.(സാധാ) നം.5236/2026/GEDN തീയതി,തിരുവനന്തപുരം, 03-08-2026

---

പരാമർശം:-

1. 26.04.2018-ലെ സ.ഉ.(സാധാ) നം. 1592/2018/പൊ.വി.വ. നമ്പർ ഉത്തരവ്.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 11/01/2023 തീയതിയിലെ (എൽ.ഡിസ്) എം.ആർ6-33254/2022/ആവഡ നം. കത്ത്.
3. 25/11/2019-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എ2/1223/2018 നമ്പർ നടപടിക്രമം.
4. 30/05/2026-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എ2/1223/2018 നം. നടപടിക്രമം.
5. 28/03/2023, 05/07/2024, 27/01/2025, 06/07/2026 എന്നീ തീയതികളിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എ2/4413/2021 നം. കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ മരുതൂർക്കോണം പി.ടി.എം.വി.എച്ച്.എസ്. സ്കൂളിലെ നോൺ വൊക്കേഷണൽ ടീച്ചറായിരുന്ന ശ്രീ. ശക്തിധരൻ നായർ ബി.കെ.-യ്ക്ക് കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ രക്താർബുദത്തിന്റെ തുടർചികിത്സയ്ക്കായി പരാമർശം (1) - ലെ ഉത്തരവ് പ്രകാരം 8,00,000/- രൂപ പലിശരഹിത ചികിത്സാ വായ്പയായി (IFMA) അനുവദിച്ചിരുന്നു. പ്രസ്തുത വായ്പ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (3) - ലെ നടപടിക്രമം പ്രകാരം ക്രമീകരിച്ചതിൽ സർക്കാർ വിശദീകരണം ആവശ്യപ്പെടുകയും, ഈ വിഷയത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കി പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിക്കുകയും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ മന:പ്പൂർവ്വമല്ലാത്ത വീഴ്ച മാപ്പാക്കണമെന്നും അപേക്ഷകന്റെ സാമ്പത്തിക ബുദ്ധിമുട്ട് പരിഗണിച്ച് തുക വകയിരുത്തി ക്രമീകരിക്കണമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (5) പ്രകാരം ശിപാർശ ചെയ്തിരുന്നു. തുടർന്ന് ശ്രീ.ശക്തിധരൻ നായർ ബി.കെ.-യ്ക്ക് അനുവദിച്ച 8,00,000/- രൂപയുടെ

പലിശരഹിത ചികിത്സാ വായ്പ സർക്കാർ അനുമതി തേടാതെ അന്തിമമായി ക്രമീകരിച്ച പരാമർശം (3) - ലെ ഉത്തരവ് അടിയന്തിരമായി റദ്ദ് ചെയ്യുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയത് പ്രകാരം പൊതുവിദ്യാഭ്യാസ (വി.എച്ച്.എസ് വിഭാഗം) ഡയറക്ടർ പരാമർശം (4) - ലെ ഉത്തരവ് പ്രകാരം പ്രസ്തുത ഉത്തരവ് റദ്ദാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. മേൽ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ശക്തിധരൻ നായർ.ബി.കെ-യ്ക്ക് അനുവദിച്ച 8,00,000/- രൂപയുടെ പലിശ രഹിത ചികിത്സ വായ്പ അന്തിമമായി ക്രമീകരിച്ച് പുറപ്പെടുവിച്ച പരാമർശം (3) - ലെ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് പരാമർശം (4) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ ശ്രീ.ശക്തിധരൻ നായർ.ബി.കെ-യ്ക്ക് തുടർ ചികിത്സയ്ക്ക് ചെലവായതും ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചതുമായ 6,20,998/- രൂപയുടെ 80% ആയ 4,96,798/- രൂപയിൽ ടിയാൻ തിരിച്ച് അടയ്ക്കേണ്ട 1,90,615/- രൂപ കിഴിച്ച് 3,06,183/- രൂപ അപേക്ഷകന് അനുവദിച്ചും, അപേക്ഷകന് 2018-ൽ പരാമർശം (1) പ്രകാരം അനുവദിച്ച 8,00,000/- രൂപയുടെ പലിശരഹിത ചികിത്സാ വായ്പ (IFMA) ഇപ്രകാരം അന്തിമമായി ക്രമീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

ശ്രീ. ശക്തിധരൻ നായർ ബി.കെ. (മുൻ നോൺ വൊക്കേഷണൽ ടീച്ചർ,
പി.ടി.എം.വി.എച്ച്.എസ്. സ്കൂൾ, മരുതൂർക്കോണം, തിരുവനന്തപുരം).
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പാൾ, പി.ടി.എം വി.എച്ച്.എസ് സ്കൂൾ, മരുതൂർകോണം, തിരുവനന്തപുരം.
അസിസ്റ്റന്റ് ഡയറക്ടർ, വി.എച്ച്.എസ്.ഇ മേഖലാ കാര്യാലയം, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (Loans-L2/290/2023-FIN (E 2445029) നമ്പർ പ്രകാരം )
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ. (A3/62/2023-G.EDN).

ഉത്തരവിൻ പ്രകാരം
Digitally signed by
Aji Kumar R
Date: 03-08-2026
15:17:01
സെക്ഷൻ ഓഫീസർ